# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 207

26.09.2016 ൽ മറുപടിക്ക്

## നെടുമങ്ങാട് ജില്ലാ ആശുപത്രി

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ; | (എ) | 17/05/13-ലെ സ.ഉ(എം.എസ്) നമ്പർ 175/13/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തിയ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ സ്റ്റാഫുകളുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | അത്യാഹിത വിഭാഗം, ഒബ്സർവേഷൻ വാർഡ് എന്നിവ നവീകരിക്കുകയും മോർച്ചറിയിലേയ്ക്ക് ഡീപ്പ് ഫ്രീസർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 125 KV ജനറേറ്റർ, ബയോഗ്യാസ് പ്ലാന്റ്, ഓപ്പറേഷൻ തീയറ്ററിൽ ഇൻവെർട്ടർ, ലേബർ റൂമിൽ നാല് ഫോട്ടോ തെറാപ്പി മെഷീനുകൾ എന്നിവ സ്ഥാപിക്കുകയുണ്ടായി. ഫാർമസി സ്റ്റോർ നവീകരിക്കുകയും പുതിയ ഇ.എൻ.ടി ഒ.പി. നിർമ്മിക്കുകയുമുണ്ടായി. പുതിയ അനസ്തേഷ്യ മെഷീൻ വാങ്ങി. മെഡിസിൻ, റെസ്പിറേറ്ററി മെഡിസിൻ എന്നീ ഒ.പി കൾ, ലേബർ വാർഡ് എന്നിവ നവീകരിക്കുകയും സൈനേജ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, പുതിയ ബഹുനില കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കാരുണ്യ ഫാർമസി തുടങ്ങുകയും ചെയ്തു.<br>മാത്രമല്ല പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം, പ്രസ്തുത |

| | | | |
|---|---|---|---|
| | | | അപേക്ഷ സമാഹൃത പ്രൊപ്പോസലിൽ, 02/02/2015 തീയതിയിലെ സ.ഉ(പി) നം.58/2015/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സമാഹൃത പ്രൊപ്പോസൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[illegible]

| | | |
|---|---|---|
| 1. | സൂപ്രണ്ട് | 1 |
| 2. | കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| 3. | കൺസൾട്ടന്റ് (ശിശുരോഗം) | 2 |
| 4. | കൺസൾട്ടന്റ് (ഗൈനക്കോളജി) | 2 |
| 5. | കൺസൾട്ടന്റ് (സർജറി) | 1 |
| 6. | കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 7. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 2 |
| 8. | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| 9. | ജൂനിയർ കൺസൾട്ടന്റ് (ശിശുരോഗം) | 1 |
| 10. | ജൂനിയർ കൺസൾട്ടന്റ് (സർജറി) | 1 |
| 11. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 12. | ജൂനിയർ കൺസൾട്ടന്റ് (നേത്ര രോഗം) | 1 |
| 13. | ജൂനിയർ കൺസൾട്ടന്റ് (ത്വക്ക് രോഗം) | 1 |
| 14. | ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.റ്റി) | 1 |
| 15. | ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ) | 1 |
| 16. | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 17. | ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി) | 1 |
| 18. | ജൂനിയർ കൺസൾട്ടന്റ് (ദന്തൽ) | 1 |
| 19. | അസിസ്റ്റന്റ് സർജൻ | 2 |
| 20. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| 21. | ലേ-സെക്രട്ടറി & ട്രഷറർ | 1 |
| 22. | സ്റ്റോർ സൂപ്രണ്ട് | 1 |
| 23. | നേഴ്സിംഗ് സൂപ്രണ്ട് | 1 |
| 24. | ഒപ്ടോമെട്രിസ്റ്റ് | 1 |
| 25. | ഹെഡ് ക്ലാർക്ക് | 1 |
| 26. | ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 4 |
| 27. | ടൈപ്പിസ്റ്റ് | 1 |
| 28. | എം.ആർ.എൽ | 1 |
| 29. | ഹെഡ് നേഴ്സ് | 10 |
| 30. | സ്റ്റാഫ് നേഴ്സ് | 32 |
| 31. | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| 32. | ഫാർമസിസ്റ്റ് | 4 |
| 33. | റേഡിയോഗ്രാഫർ | 1 |
| 34. | ലാബ് ടെക്നീഷ്യൻ | 6 |
| 35. | ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| 36. | പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| 37. | ഹെൽത്ത് ഇൻസ്പെക്ടർ | 1 |

| | | |
|---|---|---|
| 38. | എൻ.എം.എസ് | 1 |
| 39. | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| 40. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 41. | എക്സ്റേ അറ്റൻഡർ | 1 |
| 42. | സി.എസ്.ആർ. ടെക്നീഷ്യൻ | 1 |
| 43. | പ്ലംബർ | 1 |
| 44. | ഓഫീസ് അറ്റൻഡന്റ് | 2 |
| 45. | ഡ്രൈവർ | 2 |
| 46. | നേഴ്സിംഗ് അസിസ്റ്റന്റ് | 29 |
| 47. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 | 11 |
| 48. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 16 |
| 49. | പാർട്ട് ടൈം സ്വീപ്പർ | 3 |
| | ആകെ | 162 |

സെക്ഷൻ ഓഫീസർ